# പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 11 18.03.2013- ൽ മറുപടിക്ക്**

## വിഴിഞ്ഞം തുറമുഖ നിർമ്മാണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. റ്റി.യു. കുരുവിള :<br>ശ്രീ. സി.എഫ്. തോമസ് :<br>ശ്രീ. തോമസ് ഉണ്ണിയാടൻ : | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) |
| (എ) വിഴിഞ്ഞം തുറമുഖ നിർമ്മാണത്തിന്റെ ഇപ്പോഴത്തെ അവസ്ഥ എന്തെന്നു വ്യക്തമാക്കുമോ; | (എ) വിഴിഞ്ഞം തുറമുഖ നിർമ്മാണത്തിന്റെ ഇപ്പോഴത്തെ അവസ്ഥ ചുവടെ ചേർക്കുന്നു.<br><br>1. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുടെ പാരിസ്ഥിതിക പഠനം പൂർത്തിയാക്കി. അതിൽ എൽ&റ്റി റാംബോളിന്റെ റിപ്പോർട്ട് 2012 ഡിസംബറിൽ വിഴിഞ്ഞം ഇന്റർ നാഷണൽ സീപോർട്ടിന് ലഭ്യമായി. ഐ.എഫ്.സി മുഖേന തയ്യാറാക്കിയ റിപ്പോർട്ട് 2013 മാർച്ച് 15,-ൽ ലഭ്യമായി<br><br>2. പദ്ധതിയുടെ നിർമ്മാണത്തിന് ഏറ്റവും അത്യന്താപേക്ഷിതമായ ബാക്കപ്പ് ഏര്യ, റോഡ്, ട്രക്ക് ടെർമിനൽ എന്നിവയ്ക്കുള്ള സ്ഥലത്തിന്റെ 90% (108.50 ഏക്കർ) ഏറ്റെടുത്തു കഴിഞ്ഞു. വെയർഹൗസിങ്ങിന് വേണ്ട 100 ഏക്കർ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. |

3. പദ്ധതിയുടെ മാസ്റ്റർ പ്ലാൻ പൂർത്തിയാക്കി.

4. പാരിസ്ഥിതിക അനുമതി ലഭിച്ചാലുടൻ തുറമുഖ നിർമ്മാണത്തിനുള്ള ഇ.പി.സി ടെൻഡർ നടപടികൾ പൂർത്തിയാക്കുന്ന തരത്തിൽ വിശദമായ പഠനങ്ങളും ടെൻഡർ ഡോക്യുമെന്റ് തയ്യാറാക്കലും പൂർത്തീകരിച്ചു വരുന്നു.

5. പദ്ധതിയ്ക്ക് ആവശ്യമായ ധനം സമാഹരിക്കുന്നതിനുള്ള എല്ലാ നടപടിക്രമങ്ങളും പൂർത്തീകരിച്ചിട്ടുണ്ട്. എസ്.ബി.റ്റി നേതൃത്വം നൽകുന്ന ബാങ്ക് കൺസോർഷ്യം 300കോടി രൂപയും, ഹഡ്കോ 500 കോടി രൂപയും, ഐ.ഐ.എഫ്.സി.എൽ 200 കോടി രൂപയും ധന സഹായം നൽകുന്നത് തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. ഇതിനു പുറമെ 800 കോടി രൂപയുടെ സർക്കാർ ബോണ്ട് പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്.

6. വിഴിഞ്ഞം തുറമുഖ പദ്ധതിയ്ക്കായി 2011-12 സംസ്ഥാന ബഡ്ജറ്റിൽ 197 കോടി രൂപയും 2012-13 സംസ്ഥാന ബഡ്ജറ്റിൽ 223 കോടി രൂപയും അനുവദിക്കുകയുണ്ടായി.

7. പദ്ധതിയ്ക്ക് വേണ്ടിയുള്ള വെള്ളം എത്തിയ്ക്കുന്നതിനുള്ള പണി പൂർത്തിയായി.

8. പദ്ധതിയ്ക്കുള്ള വൈദ്യുതി.

വിഴിഞ്ഞം - ബാലരാമപുരം ബന്ധിപ്പിക്കുന്ന 220 കെ.വി ലൈൻ സ്ഥാപിക്കുന്നതിനുള്ള ടെൻഡർ കെ.എസ്.ഇ.ബി ക്ഷണിച്ചിട്ടുണ്ട്.

ബാലരാമപുരം - കാട്ടാക്കട ബന്ധിപ്പിക്കുന്ന 220 കെ.വി ലൈൻ സ്ഥാപിക്കുന്നതിനുള്ള ടെൻഡർ നടപടികൾ പുരോഗമിക്കുന്നു.

9. **<u>റോഡ്</u>**

600 മീറ്റർ നീളമുള്ള ടെമ്പററി റോഡിന്റെ 530 മീറ്റർ പൂർത്തിയായി.

പദ്ധതി പ്രദേശത്തെ എൻ എച്ച് ബൈപ്പാസുമായി ബന്ധിപ്പിക്കുന്ന റോഡ് നിർമ്മാണം എൻ. എച്ച് എ ഐ യുടെ ബൈപ്പാസ് നിർമ്മാണത്തിനു ശേഷം ആരംഭിക്കും.

10. റെയിൽ

പദ്ധതി പ്രദേശത്തേയ്ക്കുള്ള റെയിൽ നിർമ്മാണം ഇന്ത്യാ ഗവൺമെന്റിന്റെ റെയിൽ ബഡ്ജറ്റിൽ ലാസ്റ്റ് മൈൽ കണക്ടിവിറ്റിയായി കൂട്ടിച്ചേർത്തിട്ടുണ്ട്. തുറമുഖ കമ്പനി, റെയിൽവേ ലൈനിനുള്ള പഠനം ആർ.വി.എൻ.എൽ (റെയിൽ വികാസ് നിഗം ലിമിറ്റഡ്) മുഖാന്തിരം നടത്തുകയും, വിശദമായ പഠന റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. ഇത് റെയിൽവേക്ക്

സമർപ്പിക്കുന്നതിനുള്ള
നടപടികൾ സ്വീകരിച്ചു
വരുന്നു.

(ബി) പ്രസ്തുത പദ്ധതി
സമയബന്ധിതമായി
നടപ്പാക്കുന്നതിനായി
സ്വീകരിച്ചിട്ടുള്ള നടപടികൾ
വ്യക്തമാക്കുമോ;

(ബി) വിഴിഞ്ഞം അന്താരാഷ്ട്ര
തുറമുഖ പദ്ധതിക്ക് കേന്ദ്ര
വനം പരിസ്ഥിതി
മന്ത്രാലയത്തിന്റെ
പാരിസ്ഥിതികാനുമതി,
ലഭ്യമാക്കി, ഇ.പി.സി
(എഞ്ചിനീയറിംഗ്
പ്രൊക്യൂർമെന്റ്
കൺസ്ട്രക്ഷൻ) ടെൻഡർ
നടപടികൾ പൂർത്തിയാക്കി,
നിർമ്മാണ പ്രവർത്തനങ്ങൾ
ആരംഭിച്ച് സമയബന്ധിതമായി
തന്നെ പൂർത്തിയാക്കാനുള്ള
നടപടിക്രമങ്ങൾ വിഴിഞ്ഞം
അന്താരാഷ്ട്ര തുറമുഖ
കമ്പനിയുടെ നേതൃത്വത്തിൽ
പുരോഗമിച്ചു വരുന്നു.
സമാന്തരമായി ഭൂമി
ഏറ്റെടുക്കൽ ,
ധനസമാഹരണം, വൈദ്യുതി,
ജലം എന്നീ അടിസ്ഥാന
സൗകര്യങ്ങളും ഭൂമി
ഏറ്റെടുക്കൽ ജോലികളും
നടന്നു വരുന്നു.

(സി) പ്രസ്തുത പദ്ധതി
അടിയന്തിരമായി
നടപ്പാക്കുന്നതിനു നേരിടുന്ന
ബുദ്ധിമുട്ടുകൾ
എന്തൊക്കെയെന്നു
വ്യക്തമാക്കുമോ?

(സി) വിഴിഞ്ഞം അന്താരാഷ്ട്ര
തുറമുഖ പദ്ധതിയ്ക്കുള്ള
കേന്ദ്ര സർക്കാരിന്റെ
പാരിസ്ഥിതികാനുമതി
ലഭ്യമായിട്ടില്ല.
പാരിസ്ഥിതികാനുമതിക്കായി
സംസ്ഥാന സർക്കാർ
അപേക്ഷിച്ചത് 2011 ൽ
മാത്രമാണ്
പാരിസ്ഥിതികാനുമതി
ലഭ്യമാക്കുന്നതിനു വേണ്ടി 2011
ജൂൺ ജൂലൈ മാസങ്ങളിൽ
കേന്ദ്ര സർക്കാർ അംഗീകരിച്ച
റ്റി.ഒ.ആർ പ്രകാരമുള്ള പഠനം
പൂർത്തിയാക്കി. അതിനു
വേണ്ടിയുള്ള മറ്റു
നിയമാനുസൃതമായ

നടപടികൾ എടുത്തു വരുന്നു. ചില എൻ.ജി.ഒ കളും ഹോട്ടൽ & റസ്റ്റോറന്റ് അസോസിയേഷനും ഐ.എഫ്.സി ഓംബുഡ്സ്മാനും കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിനും നൽകിയ പരാതിയെ തുടർന്ന് അവരുടെ ഭാഗം ഒന്നുകൂടി കേൾക്കേണ്ടി വന്നതിനാലാണ് റിപ്പോർട്ട് തയ്യാറാക്കുന്നതിന് കാലതാമസം നേരിടേണ്ടി വന്നത്. ഇത് ലഭ്യമാക്കി റിപ്പോർട്ട് പ്രസിദ്ധീകരിച്ച് കേന്ദ്ര സർക്കാരിന്റെ അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പാരിസ്ഥിതികാനുമതി ലഭ്യമായ ശേഷം മാത്രമെ തുറമുഖ അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള നിർമ്മാണം ആരംഭിക്കുവാൻ സാധിക്കുകയുള്ളൂ.

സെക്ഷൻ ഓഫീസർ